**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2150** **03-03-2025 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി), അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) എന്നീ തസ്തികകളിലെ ഒഴിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി), അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) എന്നീ തസ്തികകളിൽ ഒഴിവുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ ഒഴിവുകൾ ഇല്ല. |
| (ബി) | ഈ വർഷം പ്രസ്തുത തസ്തികകളിൽ വിരമിക്കൽ മൂലം ഒഴിവ് വരാൻ സാധ്യതയുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | ഈ വർഷം 01/03/2025 ൽ അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ/എന്റമോളജി) തസ്തികയിൽ വിരമിക്കൽ മൂലം ഒരു ഒഴിവ് വരുന്നതാണ്. ടി ഒഴിവിൽ സ്ഥാനക്കയറ്റം നടത്തുമ്പോൾ, സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാരൻ വിരമിക്കുന്ന ഒഴിവിൽ 01/06/2025 ൽ ഒരു ഒഴിവ് കൂടി വരുന്നതാണ്. |
| (സി) | ഇത്തരത്തിൽ ഒഴിവുകൾ ഉണ്ടാകുകയാണെങ്കിൽ നിയമനം നടത്തുന്നതിന് ഹയർ ഡി.പി.സി യോഗം കൂടിയിട്ടുണ്ടോ; എങ്കിൽ എന്നാണ് കൂടിയത് എന്ന വിവരം ലഭ്യമാക്കുമോ; | (സി) | ഒഴിവു നികത്തുന്നതിനുള്ള ഹയർ ഡി.പി.സി. യോഗം 04/02/2025 ൽ കൂടിയിട്ടുണ്ട്. |
| (ഡി) | ഹയർ ഡി.പി.സി പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പേര് വിവരം ലഭ്യമാക്കുമോ; | (ഡി) | ശ്രീ.സജു തേർഡ് എസ്. എന്നയാൾ ഉൾപ്പെട്ട സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഗസറ്റിൽ പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി), അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) എന്നിവയുടെ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ തസ്തികകളിലേക്കുള്ള നിയമന രീതി പ്രതിപാദിക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | സ്പെഷ്യൽ റൂൾസ് നിലവിൽ ഇല്ല. നിയമന രീതി പ്രതിപാദിക്കുന്ന സ.ഉ.(കൈ) നം. 27/2017/ ആ.കു.വ., തീയതി 18/02/2017 പ്രകാരമുള്ള എക്സിക്യൂട്ടീവ് സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ